കാസറഗോഡ് ഡിവിഷനിൽ വെച്ച് 26.11.2025-ന് നടത്തുന്ന ഇ-ലേലത്തിന്റെ ലോട്ട്വാർ ലിസ്റ്റ്

| ക്രമ നം. | റേഞ്ച് | തോട്ടത്തിന്റെ പേര് | ഉത്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉത്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം). | ഉദ്ദേശ വില | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | | ഉഡുപ്പി - കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ പദ്ധതിയുടെ ഭാഗമായി മുറിച്ചത് | കർമ്മംതോടി | Teak Poles - II A | 4 | 4200 | |
| 2 | | | | Teak Poles - III | 13 | 1900 | |
| 3 | | | | Teak Poles - IV | 6 | 800 | |
| 4 | | | | Teak Timber - TG IC | 1 | 135000 | |
| 5 | | | | Teak Timber - TG IIC | 3 | 89000 | |
| 6 | | | | Teak Timber -TG IIIC | 2 | 55000 | |
| 7 | | | | Teak Timber -TG IVC | 8 | 39000 | |
| 8 | | | | Rose wood- DL IIIC | 7 | 90000 | |
| 9 | | | | Rose wood - DL IVC | 4 | 67500 | |
| 10 | | | | Rose wood - DL IIC | 3 | 101500 | |

## കാസറഗോഡ് വനം ഡിവിഷൻ

KFDDO/39020/2025-DFOKSGD/E തീയതി : 30.12.2025

കാസറഗോഡ് ഡിവിഷനിലെ കാസറഗോഡ് റേഞ്ചിലെ പരപ്പ സെക്ഷൻ 1958 തേക്ക് ബിറ്റ്2 തോട്ടത്തിൽ നിന്ന് ശേഖരിച്ച കഴകളും, ഉഡുപ്പി - കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ പദ്ധതിയുടെ ഭാഗമായി മുറിച്ചു ശേഖരിച്ച തേക്ക്, ഈട്ടി, തേക്ക് കഴകളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാൻഡ് & റിസോഴ്സസ്) അവർകളുടെ 21.11.2015 ലെ പ്രൊ.(4)-26243/2013 നമ്പറായി 15.12.2015 ലെ 49-ാം നമ്പർ കേരള വാല്യം 4 ൽ പരസ്യപ്പെടുത്തിയിട്ടുള്ള പൊതുദർഘാസ് - ലേല വ്യവസ്ഥകൾക്കും വനംവകുപ്പിൽ നിലവിലുള്ള ഇതര ലേല വ്യവസ്ഥകൾക്കും കൂടാതെ ഇതിലേക്കായി M/S. MSTC, Ltd www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി ഇ- ലേലത്തിലൂടെ വിൽപ്പന നടത്തുന്നതാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ വിവരിക്കുന്ന ഉത്പന്നങ്ങൾക്കു പുറമേ ടി ലേലത്തിനു മുമ്പുവരെ ശേഖരിച്ച് അട്ടിവയ്ക്കുന്ന ഉത്പന്നങ്ങളും ടി ഇ ലേലത്തിൽ ഉൾപ്പെടുത്തി വിൽക്കുന്നതായിരിക്കും. ഇ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ഈ ലേലത്തിനു മുമ്പ് നിയമപ്രകാരമുള്ള നിരതദ്രവ്യം ഇ പെയ്മന്റ്/ഇ ട്രഷറി/ഡിമാന്റ് ഡ്രാഫ്റ്റ്/എംഎസ്ടിസി ലിമിറ്റഡ് വഴി കെട്ടിവയ്ക്കേണ്ടതാണ്. ഇ ലേലത്തിൽ പങ്കുകൊള്ളുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ നമ്പർ നിരതദ്രവ്യം അടയ്ക്കുമ്പോൾ രേഖപ്പെടുത്തിയിരിക്കണം. രജിസ്റ്റർ ചെയ്ത് നിരതദ്രവ്യം മുൻകൂർ അടയ്ക്കുന്ന ലേലക്കാരനുമാത്രമേ ഇ ലേലത്തിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ, വിജയിക്കുന്ന ഇ ലേലക്കാരൻ ഇ ലേലത്തുകയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട ഉത്പന്നങ്ങളുടെ തുക അടയ്ക്കുവാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ചുനൽകാത്തതുമാണ്. ബാങ്കുകൾ ഡിമാന്റ് ഡ്രാഫ്റ്റ് മാറ്റുന്നതിന് ഏതെങ്കിലും കമ്മീഷൻ ഈടാക്കുകയാണെങ്കിൽ ആയത് ലേലക്കാരൻ നൽകേണ്ടതാണ്. വിജയിയായ ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജിഎസ്ടി, വനവികസന നികുതി, വരുമാന നികുതി മറ്റു ബന്ധപ്പെട്ട നികുതികൾ എന്നിവ യഥാസമയം അടക്കേണ്ടതുണ്ട്.

ഇ ലേലപ്രമാണങ്ങളും ഇ ലേല ഷെഡ്യൂളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ ലേലത്തിൽ പങ്കെടുക്കുന്നതിനായി സമർപ്പിക്കുന്ന നിരതദ്രവ്യം എസ്ബിഐയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിങ് വഴിയോ മറ്റ് ബാങ്കുകളുടെ

കാര്യത്തിൽ NEFT വഴിയോ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇ ലേലപ്രമാണങ്ങൾ സമർപ്പിക്കാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാണ്. എല്ലാ ഇ ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ ലേലപ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽമാർഗമോ ലഭിക്കുന്ന ഇ ലേലപ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഇ ലേലവുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ എൻഐസിയിൽ നിന്നോ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന വെബ്സൈറ്റിൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ പെയ്മെന്റിനാവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർബാങ്കിങ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും ഇ മെയിൽ അഡ്രസും) ഇ ലേല പ്രമാണങ്ങളോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. കരാറുകാർ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ടി ഇ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി ഇ ലേലത്തിന് നിരതദ്രവ്യം കെട്ടിവയ്ക്കുന്നതോടൊപ്പം ഓൺലൈനായി ഹാജരാക്കേണ്ടതാണ്. നിയമാനുസൃത തിരിച്ചറിയൽ കാർഡോ സർട്ടിഫിക്കറ്റോ ഇല്ലാത്തവരുടെ ഇ ലേലപ്രമാണങ്ങൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ടി ഇ ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ഉത്പന്നങ്ങളുടെ ഗുണനിലവാരവും അളവും നേരിൽ കണ്ട് ബോധ്യപ്പെട്ടുകൊള്ളേണ്ടതാണ്. ഇ ലേലത്തിനു ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഈ വിജ്ഞാപന തീയതിക്കു മുമ്പായി ദർഘാസ്/ലേലം സംബന്ധമായി സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ ലേലത്തിന് ബാധകമായിരിക്കും. വിൽപനയ്ക്കുവച്ചിട്ടുള്ള ഉത്പന്നങ്ങൾ ഏതെങ്കിലും സർക്കാർ വകുപ്പുകൾക്ക് ആവശ്യമായി വരുന്ന പക്ഷം ആയത് കഴിച്ചുള്ള ഉത്പന്നങ്ങൾ മാത്രമേ വിൽക്കുകയുള്ളൂ.

| ക്രമ നം. | റേഞ്ച് | തോട്ടത്തിന്റെ പേര് | ഉത്പന്നങ്ങൾ അട്ടിവച്ചിരിക്കുന്ന സ്ഥലം | ഉത്പന്നത്തിന്റെ ഇനം | അളവ് (ഉദ്ദേശം) | ഉദ്ദേശ വില | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | | ഉഡുപ്പി - കാസറഗോഡ് ട്രാൻസ്മിഷൻ ലൈൻ പദ്ധതിയുടെ ഭാഗമായി മുറിച്ചത് | കർമ്മംതോടി | Teak Poles - II A | 4 | 4200 | |
| 2 | | | | Teak Poles - III | 13 | 1900 | |
| 3 | | | | Teak Poles - IV | 6 | 800 | |
| 4 | | | | Teak Timber - TG IC | 1 | 135000 | |
| 5 | | | | Teak Timber - TG IIC | 3 | 89000 | |
| 6 | | | | Teak Timber -TG IIIC | 2 | 55000 | |
| 7 | | | | Teak Timber -TG IVC | 8 | 39000 | |
| 8 | | | | Rose wood- DL IIIC | 7 | 90000 | |
| 9 | | | | Rose wood - DL IVC | 4 | 67500 | |
| 10 | | | | Rose wood - DL IIC | 3 | 101500 | |

ഇ ലേല തീയതികൾ

| | |
|---|---|
| ഇ ലേലപരസ്യം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും | 31.12.2025 വൈകുന്നേരം 3 മണി |
| ഇ ലേലം കൊള്ളുന്ന തീയതി | 09.01.2026 |
| പുനർ ഇ ലേലം കൊള്ളുന്ന തീയതി | 19.01.2026 |
| പുനർ ഇ ലേലം കൊള്ളുന്ന തീയതി | 29.01.2026 |

<u>നിരതദ്രവ്യം</u>

തേക്ക് കഴകൾ - 20,000/-

തേക്ക് /വീട്ടി തടികൾ - 50,000/-

ഇ ലേലത്തിൽ ഏറ്റവും കൂടിയ ഉചിതമായ തുക രേഖപ്പെടുത്തുന്ന ലേലക്കാരുടെ പേരിൽ ഇ ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ഇ- ലേലത്തിൽ പങ്കെടുക്കുന്നവർ ബാംഗ്ലൂർ എംഎസ്ടിസി ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ- ലേലനിബന്ധനകൾ എംഎസ്ടിസി ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ കാസറഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ കാസറഗോഡ് റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നോ പ്രവർത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് കാസറഗോഡ് - 04994 256119

റേഞ്ച് ഫോറസ്റ്റ് ഓഫീസ് കാസറഗോഡ് - 04994 225072

DIVISIONAL FOREST OFFICE KASARAGOD Date........ P.O. Vidyanagar 671123

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കാസറഗോഡ്